## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.6230 — 07/11/16-ൽ മറുപടിക്ക്

### ഹജ്ജ് തീർത്ഥാടകർക്കായി പുതിയ സേവനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ.കെ.ടി.ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഹജ്ജ് തീർത്ഥാടകർക്കായി ഏതെല്ലാം തരത്തിലുള്ള പുതിയ സേവനങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | 2016ലെ ഹജ്ജ് നടപടിക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞതിന് ശേഷമാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ കൂടുതൽ (പതിനായിരത്തിലേറെ) ഹാജിമാരെ കൊച്ചിയിലെ താത്കാലിക ഹജ്ജ് ക്യാമ്പ് വഴി യാത്രയാക്കാൻ കഴിഞ്ഞു.<br>അടുത്ത വർഷത്തെ ഹജ്ജ് നടപടിക്രമങ്ങൾ അടുത്തമാസത്തോടെ ആരംഭിക്കും. അതിനായി ഹജ്ജ് മാർഗ നിർദ്ദേശങ്ങളിലും നടപടി ക്രമങ്ങളിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി കേന്ദ്ര ഹജ്ജ് കമ്മിറ്റിയുമായും കേന്ദ്ര സർക്കാറുമായും ബന്ധപ്പെട്ട് വരികയാണ്. കൂടാതെ ഹജ്ജ് എമ്പാർക്കേഷൻ പോയന്റ് തിരിച്ച് കോഴിക്കോട് വിമാനത്താവളത്തിലേക്ക് തന്നെ മാറ്റുന്നതിന്നായുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. |
| ബി) | ഹജ്ജ്ക്വാട്ട വർദ്ധിപ്പിച്ചു കിട്ടുന്നതിനായി ഈ സർക്കാർ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | ബി) | കേരളത്തിന്റെ ഹജ്ജ് ക്വാട്ട വർദ്ധിപ്പിക്കുന്നതിന്നായി കേന്ദ്ര ഹജ്ജ് കമ്മിറ്റിയും കേന്ദ്ര സർക്കാറുമായി ബന്ധപ്പെട്ട് ശ്രമം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ